(സി) നിയമവിരുദ്ധമായി അധിക ആനുകൂല്യം കൈപ്പറ്റിയവരിൽ നിന്നും തിരിച്ച് പിടിക്കുന്നതിന് ബോർഡ് തീരുമാനിച്ചിട്ടുണ്ട്.

ഗ്രന്ഥശാലകൾക്ക് സൗജന്യമായി വൈദ്യുതി

75 (915) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗ്രന്ഥശാലകൾക്ക് സൗജന്യമായി വൈദ്യുതി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ അനുകൂലമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉണ്ട്.

(സി) ഗ്രന്ഥശാലകളെ വൈദ്യുതി ഫിക്സഡ് ചാർജിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള താരിഫാണ് ഇപ്പോഴും തുടർന്നുവരുന്നത്.

പേരാമ്പ്ര ശുദ്ധജല വിതരണ പദ്ധതി

76 (916) ശ്രീമതി എൻ. കെ. രാധ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതിക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നത് സംബന്ധിച്ച ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനം ഗവൺമെന്റിനു ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പരാമർശിക്കപ്പെട്ട നിവേദനം വൈദ്യുതി ബോർഡിലോ ഊർജ്ജ വകുപ്പിലോ ലഭിച്ചതായി കാണുന്നില്ല.

കൊയിലാണ്ടി പ്രദേശത്തെ വൈദ്യുതി പ്രശ്നം

77 (917) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി നോർത്ത് മേജർ സെക്ഷനിൽപ്പെട്ട പ്രദേശങ്ങളിൽ ഉണ്ടാകുന്ന വൈദ്യുതി തടസ്സം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് പരിഹരിക്കാൻ സർക്കാർ അടിയന്തിര നടപടിയെടുക്കുമോ ;

(സി) ഇക്കാര്യത്തിൽ 1999-ൽ സർക്കാർ നിയമസഭയിൽ പ്രഖ്യാപിച്ച പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്

(ബി) നടപടി സ്വീകരിച്ചുവരുന്നു.

(സി) കൊയിലാണ്ടി സബ്സ്റ്റേഷനിൽ നിന്നും പന്തലായനി വഴി കൊയിലാണ്ടി ടി.ബി.യുടെ അടുത്ത് ഇന്റർലിംഗിംഗ് സൗകര്യത്തോടുകൂടി പുതിയ ഒരു 11 കെ.വി ഫീഡറിന്റെ നിർമ്മാണപ്രവർത്തനം ദ്രുതഗതിയിലാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

കൊഴുവല്ലൂർ കരിമ്പന പൊയ്ക ഭാഗത്തെ വോൾട്ടേജ് ക്ഷാമം

78 (918) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറന്മുള നിയോജക മണ്ഡലത്തിലെ മുളക്കുഴ പഞ്ചായത്തിലെ കൊഴുവല്ലൂർ കരിമ്പന പൊയ്ക ഭാഗത്ത് അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമം പരിഗണിക്കുന്നതിന് ഗവൺമെന്റ് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) ഇതു സംബന്ധിച്ച് ഏതെങ്കിലും നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ ;

(സി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് കൊഴുവല്ലൂർ കരിമ്പനാ പൊയ്ക ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

മഞ്ചേരി മണ്ഡലത്തിൽ മിനിമം ഗ്യാരണ്ടിവച്ച അപേക്ഷകർ

79 (919) ശ്രീ. ഇസ്ഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ 1994-95 മുതൽ മിനിമം ഗ്യാരണ്ടി വച്ച എത്ര അപേക്ഷകർക്ക് വിദ്യുച്ഛക്തി കണക്ഷൻ നൽകി ; ഇനി എത്ര നൽകാനുണ്ട് ; ബാക്കിയുള്ളവർക്ക് എന്നത്തേയ്ക്ക് വൈദ്യുതി കണക്ഷൻ നൽകാനാകുമെന്ന് വ്യക്തമാക്കുമോ ;

(ബി) അരിക്കോട്, കാവനൂർ, ചിക്കോട് എന്നീ പഞ്ചായത്തുകളിൽ 1994-95, 1995-96 വർഷങ്ങളിൽ മിനിമം ഗ്യാരണ്ടി വച്ചവർക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേർക്ക്;

(സി) ഇവർക്ക് എന്നത്തേയ്ക്ക് കണക്ഷൻ നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly